(സി) 2007 മുതൽ .

സിലബസുകൾ ഏകീകരിക്കാൻ നടപടി

82 (2021) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിന്റർ ഗാർഡൻ, എൽ.പി. തലത്തിൽ ഒരു ഏകീകൃത സിലബസ് ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനു കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് താങ്ങാനാകാത്ത പഠനഭാരം ഏൽപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സിലബസ്സുകളിൽ ഏകീകൃത രൂപമില്ലാത്തത് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി, ഉന്നത വിദ്യാഭ്യാസ പരിശ്രമങ്ങളിൽ ചെലുത്തുന്ന സ്വാധീനം എന്നിവ സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ ;

(എഫ്) സാമൂഹിക ഉച്ചനീചത്വങ്ങൾക്കിടയാക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ എന്തു പ്രായോഗിക നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രീ-പ്രൈമറി മുതൽ നാലാം തരം വരെ അദ്ധ്യയന മാദ്ധ്യമം മാതൃഭാഷ ആയിരിക്കണം എന്നതാണ് വിദഗ്ദ്ധരുടെ അഭിപ്രായം. ഈ രീതിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. എന്നാൽ സി.ബി.എസ്.ഇ. യുടെ സിലബസ് ഉപയോഗിക്കുന്ന സ്കൂളുകളിൽ അദ്ധ്യയന മാധ്യമം ഇംഗ്ലീഷ് ആണ്.

(സി) ഉണ്ട്.

(ഡി) സിലബസ് ഭാരത്തെ സംബന്ധിച്ച് പുറത്തിറക്കിയിട്ടുള്ള യശ്പാൽ കമ്മിറ്റി റിപ്പോർച്ചനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇതു സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു സെൽ രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) ഈ പ്രശ്നം പഠന വിധേയമാക്കുന്നതും അതിന്റെ വെളിച്ചത്തിൽ നടപടികളെക്കുറിച്ച് ആലോചിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly